കൊടുത്തത് ഈ മുൻസിഫിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഈ വോൾട്ടേജ് കുറയ്ക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തെ കൂടിയായ ബഹുമാനപ്പെട്ട മെമ്പർ, അങ്ങ കോടതിയെ സമീപിക്കുകയും, അനിവാര്യമായി ബോർഡിനേയും, ജനങ്ങളേയും ബുദ്ധിമുട്ടിക്കുന്ന നാട്ടുകാരനായ ആ വ്യക്തിയെ സന്ദർശിക്കുകയോ, അദ്ദേഹത്തെക്കൊണ്ട് ഇത് പിൻവലിപ്പിക്കുകയോ ചെയ്ത് ബോർഡിനേയും, ഗവൺമെന്റിനേയും രക്ഷിക്കണമെന്ന് ഒരു മറു അഭ്യർത്ഥന അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്.

(5) നരിപ്പറ ഗവൺമെന്റ് പ്രൈമറി ഹെൽത്തു സെന്ററിന്റെ ശോചനീയാവസ്ഥ

ശ്രീ. കെ. ടി. കുഞ്ഞിരാമൻ: സർ, 1958-ൽ നാട്ടുകാർ സംഭാവന നൽകിയ സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിച്ച് നൽകിയതാണ് നരിപ്പറ ഗ്രാമീണ ഡിസ്പെൻസറി. കഴിഞ്ഞ വർഷം അത് ഒരു പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തിയിരിക്കുകയാണ്. ഇന്ന് ആ കെട്ടിടത്തിൽ ഡോക്ടർക്ക് രോഗികളെ നോക്കി ചികിൽസിക്കുവാനോ, ഉള്ള സൗകര്യമുപയോഗിച്ച് രോഗികളെ കിടത്തി ചികിൽസിക്കുവാനോ കഴിയുകയില്ല. മുപ്പതിനായിരം വരുന്ന ആ പഞ്ചായത്തിലെ ജനങ്ങളുടെ ഏക ആശ്രയമെന്ന നിലയ്ക്ക് നരിപ്പറ ഗ്രാമീണ പ്രൈമറി ഹെൽത്ത് സെന്റർ രോഗിയെന്തിരമായും പുനർ നിർമ്മാണം നടത്തി രോഗികൾക്ക് ചികിൽസാ സൗകര്യം ഏർപ്പെടുത്തുവാനുള്ള സത്വര നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അതിന്റെ ഭവന നിർമ്മാണത്തിനു വേണ്ടി 62,500 രൂപ സാങ്ങ്ഷൻ ചെയ്തു. പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ച് വർക്കു തുടങ്ങുവാനുള്ള ഏർപ്പാട് ചെയ്തു കഴിഞ്ഞു.

(6) മാടക്കത്തറ പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മാടക്കത്തറ പഞ്ചായത്ത് ഒരു മലയോര പഞ്ചായത്താണ്. ഇന്നുവരെ ആ പഞ്ചായത്തിനു ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടില്ല. ഒരു കുഴൽ കിണർ കുഴിച്ച് നോക്കി. പക്ഷേ പരാജയപ്പെടുകയാണ് ചെയ്തത്. മാടക്കത്തറ പഞ്ചായത്തിലെ മാടക്കത്തറ, കുറിച്ചിക്കര എന്നീ രണ്ടു വില്ലേജുകളും ചേർപ്പ് വില്ലേജുകളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. വരൾച്ച രൂക്ഷമാകുമ്പോൾ മുൻഗണന നൽകി ലോറികളിൽ വെള്ളം വിതരണം ചെയ്യുന്ന ഒരു പഞ്ചായത്താണിത്. ഇപ്പോൾ ശുദ്ധജലം കിട്ടാതെ ജനങ്ങൾ നട്ടം തിരിയുകയാണ്. മാടക്കത്തറ പഞ്ചായത്തിൽ സമഗ്രമായ ഒരു ശുദ്ധജല വിതരണ പദ്ധതി (എന്റെ മണ്ഡലത്തിലെ പീച്ചിയിൽനിന്ന് കൊണ്ടുവരുന്ന വെള്ളം സംഭരിക്കുന്ന തൃശ്ശൂർ ആഗ്രമെന്റേഷൻ പദ്ധതിയുടെ ഭാഗമായി ഒരു സ്കീം) തയ്യാറാക്കിയിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. ഇന്നും അത് കോൾഡ് സ്റ്റോറേജിൽ കിടക്കുകയാണ്. മാടക്കത്തറ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി ഒരു യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, മാടക്കത്തറ പഞ്ചായത്തിൽ 62 ലക്ഷം രൂപ മുതൽ മുടക്കുള്ള ഒരു പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ കംപ്ലീറ്റായി. അതിന്റെ ഡിസൈൻ നടന്നുകൊണ്ടിരിക്കുകയാണ്. ഉടനെ തന്നെ അത് ആക്സിലറേറ്റഡ് വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്തിനടത്തുന്നതിന് കേന്ദ്ര അനുമതിക്കുവേണ്ടി പുറകേ അയയ്ക്കാം. അനുമതി കിട്ടിയാൽ ഉടനെ തന്നെ വർക്ക് ഏറെടുക്കുന്നതാണ്.

(7) കറൻറ് ചാർജ് വർദ്ധനവുമൂലം തിയേറ്റർ ഉടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. കാനം രാജേന്ദ്രൻ : കേരളത്തിലെ തിയേറ്ററുകളിലൊന്നും എയർ കണ്ടീഷനുകൾ പ്രവർത്തിക്കുന്നില്ല. വൈദ്യുതി ചാർജ് വർദ്ധിച്ചതുമൂലം എയർ കണ്ടീഷനുകൾ പ്രവർത്തിപ്പിക്കുന്നത് ലാഭകരമല്ല എന്ന് ആണ് ഈ തിയേറ്റർ ഉടമകൾ പറയുന്നത്. എന്ന് മാത്രമല്ല, അവർ ഇപ്പോൾ കേരളത്തിലെ തിയേറ്ററുകളെല്ലാം അടച്ചിടാനുള്ള ഒരു തീരുമാനവുമെടുത്തിരിക്കുകയാണ്. കേരളത്തിലെ ഫിലിം ചേംബറും, മറ്റ് സംഘടനകളും ഇതിനെക്കുറിച്ചുള്ള നിവേദനം ബഹുമാനപ്പെട്ട മന്ത്രിക്കും അതുപോലെ തന്നെ ബോർഡിനും സമർപ്പിച്ചുവെങ്കിലും ഇതുവരെ അനുഭാവപൂർണ്ണമായ ഒരു പരിഗണന ഉണ്ടായിട്ടില്ല. അത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. എയർ കണ്ടീഷനുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ ഒരു തീരുമാനം ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, കേരളത്തിലെ വിദ്യുച്ഛക്തി നിരക്ക് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളേക്കാളും വളരെ കുറവാണ്. തൊട്ടടുത്ത കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ സിനിമ തിയേറ്ററുകൾക്ക് ഈടാക്കുന്നതിന്റെ പകുതിയോളം മാത്രമേ നമ്മൾ ഈടാക്കുന്നുള്ളൂ എന്നാണ് കണക്കുകളുടെ അടിസ്ഥാനത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എയർ കണ്ടീഷൻ പ്രവർത്തിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അതിന് നിയമപരമായ നടപടികളെടുക്കണം. എയർ കണ്ടിഷൻ ടിക്കറ്റ് ചാർജ് ഈടാക്കി കൊണ്ട് എയർ കണ്ടിഷൻ പ്രവർത്തിക്കാത്ത സിനിമാ തിയേറ്ററുകളിൽ വേണ്ട നടപടികളെടുക്കാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അത് കുറെ പ്രവർത്തികമാക്കിയിട്ടുമുണ്ട്. പിന്നെ ഇത് ഒരു കോടതി വിധിയെ തുടർന്ന് ഉണ്ടായിട്ടുള്ളതാണ്. സിനിമാ തിയേറ്ററുകാർ ഹൈക്കോടതിയിൽ കേസ് കൊടുത്തു. അവർക്ക് അനുകൂലമായി വിധിയുണ്ടായി. ബോർഡ് സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. ആ അപ്പീലിന്റെ അടിസ്ഥാനത്തിൽ ബോർഡ് ചെയ്ത നടപടികൾ ശരിയാണെന്നും, ഈ ടാരിഫുകൾ നിലനിൽക്കത്തക്കതാണെന്നും പറഞ്ഞിരിക്കുന്നു. പക്ഷേ 1980-ലെ ടാരിഫിൽ സിനിമാ തിയേറ്ററുകൾ ഉൾപ്പെടെയുള്ള ലോ ടെൻഷൻ ഉപഭോക്താക്കൾ അത് ശ്രീ. രാജേന്ദ്രൻ പറഞ്ഞതിൽ വരികയില്ല. അദ്ദേഹം പറഞ്ഞത് എയർ കണ്ടിഷൻ തിയേറ്ററുകളുടെ കാര്യമാണ്. ലോ ടെൻഷൻ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ബോർഡിന് വേണമെങ്കിൽ പുനഃപരിശോധന നടത്താം എന്ന് ആ ജഡ്ജ്മെൻറിലുണ്ട്. അതുകൊണ്ട് പ്രയോജനമില്ല. 1981-ൽ ഇത് വീണ്ടും വർദ്ധിപ്പിക്കുന്ന ഒരു പരിതഃസ്ഥിതിയുണ്ടായിട്ടുണ്ട്. അപ്പോൾ ഒരു പ്രത്യേകത വളരെ ചുരുങ്ങിയ ഒരു കാലഘട്ടത്തിലേക്ക് മാത്രമേയുള്ളൂ. എന്തായാലും ബോർഡ് ഇത് പരിഹരിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly